സർവ്വീസ് നടത്തുവാൻ കഴിയുന്ന അവസ്ഥ വന്നു ചേരുന്നതുമാണ്. അതോടൊപ്പം ഇപ്പോൾ യാത്രാ നിരക്ക് നിശ്ചയിക്കുന്നതിന് സർക്കാരിനും റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്കുമുള്ള അവകാശങ്ങൾ പൂർണ്ണമായും ഇല്ലാതാകുകയും ജനങ്ങൾ സ്വകാര്യ സമാന്തര ലോബികളുടെ ചൂഷണത്തിന് വിധേയമാകുന്ന സാഹചര്യം വന്നുചേരുകയും ചെയ്യും. പൊതുഗതാഗത രംഗത്ത് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുടെ പങ്കാളിത്തം ഉള്ളതുകൊണ്ടാണ് യാത്രക്കാർക്ക് സ്വകാര്യ ലോബികളുടെ ചൂഷണത്തിന് വിധേയമാകാതെ ഇപ്പോൾ യാത്ര ചെയ്യുവാൻ കഴിയുന്നത്. മാത്രവുമല്ല, 1950-ലെ ആർ.ടി.സി. ആക്ടിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളുടെ ഉന്നമനത്തിനായി ലക്ഷ്യമിട്ട എല്ലാ വ്യവസ്ഥകളും തകരുന്നതിനും ഇത് ഇടയാക്കുന്നതാണ്.

സംസ്ഥാനങ്ങളിലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളുടെ നിലനില്പിനെത്തന്നെ അപകടപ്പെടുത്തുന്ന ബില്ലിലെ വ്യവസ്ഥകൾ വിശദമായി പരിശോധിച്ച് അക്കാര്യത്തിൽ കൂടി ഒബ്ജക്ഷൻ ഫയൽ ചെയ്യേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആറന്മുള വിമാനത്താവളം**

9 (*309) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള വിമാനത്താവളത്തിന്റെ പാരിസ്ഥിതികാനുമതി, ചെന്നൈ ഹരിത ട്രിബ്യൂണൽ റദ്ദാക്കിയതിനെ സുപ്രീംകോടതി ശരിവച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെ.ജി.എസ്.ഗ്രൂപ്പ് നേടിയ അനുമതികൾ ഇപ്പോഴും നിലനില്ക്കുന്നുണ്ടോ ; ഇവ രണ്ടും റദ്ദാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കെ.ജി.എസ്. ഗ്രൂപ്പ് വിമാനത്താവളത്തിനായി വാങ്ങിയ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് നൽകി 7-2-2014-ൽ മുഖ്യമന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗ തീരുമാനം റദ്ദു ചെയ്തുകൊണ്ട് മിച്ചഭൂമി ഇളവ് നൽകാനുള്ള നീക്കം അവസാനിപ്പിക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.ജി.എസ്. ഗ്രൂപ്പിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നൽകിയ പാരിസ്ഥിതികാനുമതി ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ റദ്ദാക്കുകയും ടി വിധി ബഹുമാനപ്പെട്ട സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ ടി പദ്ധതിക്ക് ലഭിച്ച പാരിസ്ഥിതികാനുമതി നിലനിൽക്കുന്നതല്ല. അതിനാൽ തന്നെ ടി പാരിസ്ഥിതികാനുമതി റദ്ദാക്കുന്നതിന് സംസ്ഥാന സർക്കാർ പ്രത്യേകിച്ച് നടപടി ഒന്നും സ്വീകരിക്കേണ്ടതില്ല.

(സി) ഉണ്ട്. കെ.ജി.എസ്. ഗ്രൂപ്പ് ആറന്മുള വിമാനത്താവളത്തിനുവേണ്ടി വാങ്ങിയിട്ടുള്ള 136.31 ഹെക്ടർ ഭൂമി സംബന്ധിച്ച് ശ്രീ. എബ്രഹാം കലമണ്ണിലിന്റെ പേരിൽ എസ്.എം.01/12 നമ്പരായി കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡ് വിചാരണ നടത്തിവരുന്നു. ആറന്മുള വിമാനത്താവള പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്ന ഭൂമിക്ക് ഭൂപരിധിയിൽനിന്നും ഇളവ് നൽകണമെന്ന അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്.

**റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി**

10 (*310) ശ്രീ. വി. ടി. ബൽറാം :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡപകടങ്ങളും മരണങ്ങളും കുറഞ്ഞിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഈ സർക്കാരിന്റെ കാലത്ത് റോഡപകടങ്ങളെക്കുറിച്ച് പോലീസ് വകുപ്പ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ ;

(ഡി) റോഡപകടങ്ങൾ കുറയ്ക്കാൻ പോലീസ് വകുപ്പ് മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly